## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3393      19.10.2016-ൽ മറുപടിയ്ക്ക്

### മൃഗസംരക്ഷണ വകുപ്പിലേക്ക് ആവശ്യമായ മരുന്നുകളും വാക്സിനും ഉപകരണങ്ങളും വാങ്ങുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.വിൻസെന്റ്** | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറാഫീസിൽ മൃഗസംരക്ഷണ മേഖലയിലേയ്ക്ക് ആവശ്യമായ മരുന്ന്, വാക്സിൻ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നത് സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന സീറ്റിൽ ഏത് തസ്തികയിലുള്ള ജീവനക്കാരനാണ് ജോലി ചെയ്യുന്നത്; നിലവിൽ പ്രസ്തുത സീറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരൻ എന്നു മുതലാണ് ടി സീറ്റിൽ ജോലി ചെയ്യുന്നത്; മൂന്നു വർഷത്തിലധികമായി ഒരേ ജീവനക്കാരനാണോ പ്രസ്തുത സീറ്റിൽ തുടരുന്നത്; മൂന്നു വർഷത്തിലധികമായി ഈ സീറ്റിൽ തുടരുന്ന ജീവനക്കാരനെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ; | (എ) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറാഫീസിൽ മരുന്ന്, വാക്സിൻ എന്നിവ വാങ്ങുന്ന വിഷയം ജി3 സീറ്റിലും ഉപകരണങ്ങൾ വാങ്ങുന്ന വിഷയം ജി1 സീറ്റിലുമാണ് കൈകാര്യം ചെയ്യുന്നത്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, സൂപ്രണ്ട്, ഫീൽഡ് ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ (സി.എസ്.ഒ), ഡെപ്യൂട്ടി ഡയറക്ടർ(വി) അഡീഷണൽ ഡയറക്ടർ (എ.എച്ച്) ഡയറക്ടർ തുടങ്ങിയ ഉദ്യോഗസ്ഥരടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയിൽ സെക്രട്ടറി ചെയർമാനായുള്ള ഡിപ്പാർട്ട്മെന്റ് പർച്ചേസ് കമ്മിറ്റിയാണ് മരുന്ന് വാങ്ങൽ സംബന്ധിച്ച തീരുമാനം എടുക്കുന്നത്. ജി3 സീറ്റിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലുള്ള ജീവനക്കാരനും (08.12.10 മുതൽ), ജി1 സീറ്റിൽ ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരനും (29.06.16 മുതൽ) ജോലി ചെയ്തു വരുന്നു. സ്ഥലം മാറ്റം സംബന്ധിച്ച് നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) മരുന്നുകളും വാക്സിനും ഉപകരണങ്ങളും വാങ്ങുന്ന വിഷയം കൈകാര്യം ചെയ്യുന്ന സീറ്റിലെ ജീവനക്കാരൻ കഴിഞ്ഞ ആറ് വർഷത്തിനിടയിൽ വിദേശയാത്രകൾ നടത്തിയിട്ടുണ്ടോ; എത്ര പ്രാവശ്യം; ഏതൊക്കെ തീയതികളിൽ; ആയതിന് സർക്കാർ | (ബി) മരുന്നുകളും വാക്സിനും വാങ്ങുന്ന വിഷയം കൈകാര്യം ചെയ്യുന്ന സീറ്റിലെ ജീവനക്കാരൻ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറായ ശ്രീ.നവീൻ കുമാറിന് വിദേശ യാത്ര നടത്തുന്നതിനായി രണ്ടു തവണ ലീവ് അനുവദിച്ചിട്ടുണ്ട്.<br>1. വിദേശയാത്ര നടത്തുന്നതിനായി 21.04.2014 മുതൽ 07.05.2014 വരെ |

...........2

അനുമതി നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

പരിവർത്തിത അവധി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 11.04.14 ലെയും 31.05.14 ലെയും കെ4.11697/2014/എസ്റ്റാ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്.

2. 19.10.2015 മുതൽ 31.10.2015 വരെ കമ്മ്യൂട്ടഡ് ലീവ് (18.10.15, 01.11.15 അവധി ദിനങ്ങൾ ഉൾപ്പെടെ) ടിയാന് വിദേശത്ത് പോകുവാനായി 16.10.15 ലെ കെ4.27320/15/എസ്റ്റാ ഉത്തരവ് പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അനുവദിച്ചിട്ടുണ്ട്.

ഉപകരണങ്ങൾ വാങ്ങുന്ന വിഷയം കൈകാര്യം ചെയ്യുന്ന സീറ്റിലെ ജീവനക്കാരനായ ശ്രീ.ഹരികുമാർ.പി.ജെ കഴിഞ്ഞ ആറു വർഷത്തിനിടയിൽ വിദേശയാത്ര നടത്തിയിട്ടില്ല.

(സി) ടി സീറ്റിലെ പ്രവർത്തനം സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പരാതികളോ ആരോപണങ്ങളോ ഉണ്ടായിട്ടുണ്ടോ; ആയത് സംബന്ധിച്ച് അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദമാക്കാമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) ജി3 സെക്ഷനിലെ ഉദ്യോഗസ്ഥനായ ശ്രീ.നവീൻകുമാർ കൈക്കൂലി ആവശ്യപ്പെടുന്നതായും കൈക്കൂലി നൽകിയില്ലെങ്കിൽ ഫയലുകൾ വച്ച് താമസിപ്പിക്കുന്നതായും ആരോപിച്ച്, പേര് വെളിപ്പെടുത്താത്ത മരുന്നു കമ്പനിയുടെ പ്രതിനിധി എന്ന് കാണിച്ച് ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയ്ക്ക് നൽകിയ പരാതിയിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (എൽ.പി) അന്വേഷണം നടത്തുകയുണ്ടായി. മരുന്ന് കമ്പനികൾക്ക് പേയ്മെന്റ് നൽകുന്നതിൽ താമസം വരുത്തിയിട്ടില്ലെന്ന് കണ്ടതിനാലും പേയ്മെന്റ് നൽകുന്നത് കേന്ദ്രീകൃത സ്റ്റോക്കുകളുള്ള 3 ജില്ലാ മൃഗസംരക്ഷണ ഓഫീസുകൾ മുഖാന്തിരമായതിനാൽ ഡയറക്ടറേറ്റിന് പ്രത്യേകിച്ച് റോൾ ഒന്നും ഇല്ലാത്തതിനാലും ആരോപണം അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തി തുടർ നടപടികൾ അവസാനിപ്പിച്ചു.

ജി 1 സീറ്റിനെ സംബന്ധിച്ച് യാതൊരു പരാതികളും ഇല്ല.

(ഡി) നിലവിലുള്ള മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഇപ്പോഴോ ഇതിനുമുമ്പോ ഡയറക്ടർ സ്ഥാനം വഹിച്ചിരുന്നപ്പോൾ പ്രസ്തുത സീറ്റിൽ കൈകാര്യം ചെയ്തിരുന്ന വിഷയങ്ങളായ മെഡിസിൻ, വാക്സിൻ,

(ഡി) ഇല്ല.

| | |
|---|---|
| | ഉപകരണങ്ങൾ എന്നിവയുടെ വാങ്ങലുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ ആരോപണങ്ങളോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമായ വിശദീകരണം നൽകുമോ; |
| (ഇ) | നിലവിലുള്ള ഡയറക്ടർ കഴിഞ്ഞ ആറു വർഷത്തിനിടെ ഡയറക്ടർ തസ്തികയിലുണ്ടായിരുന്നപ്പോഴൊക്കെ ഏതൊക്കെ മരുന്ന് കമ്പനികളിൽ നിന്നുള്ള മരുന്നുകൾ വാങ്ങുന്നതിനാണ് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ? |

മരുന്ന് കമ്പനികളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. M/s.Unicure India, Noida
2. M/s.Southern Union Pharmaceuticals (kerala) Pvt Litd Thrissur
3. Teecee Pharma, Thiruvananthapuram
4. Esgee Pharmaceuticals & Chemicals Thiruvananthapuram
5. The Pharmaceuticals & Chemicals Travancore
6. Arjun Pharmaceuticals, Chennai
7. M/s.Pfizer Ltd, Mumbai (Dewormer)

സെക്ഷൻ ഓഫീസർ